നം. ഇ.എസ്2/40318/2012/ ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്

തീയതി: 25/7/2018

# നോട്ടീസ്

വിഷയം:- ആ.വ.ഡ - സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് പുനഃക്രമീകരിച്ച് നൽകുന്നതിന് ശ്രീമതി. തുളസിദേവി എം. സീനിയർ ക്ലാർക്ക് നൽകിയ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/2877/2018 എ2/2877/2018 എന്ന 19/3/2018ലെ കത്ത്.

2) കെ.പി.എസ്.സി. പി.കെ.ഡി പി.11(3) 1955/97 തീയതി 16/2/2014.

3) ഉത്തരവ് നം. എ2/13435/03/തീയതി 19/3/2004.

4) 30/11/2009ലെ ഇ.എസ്.2/30876/2009/ആ.വ.ഡ നമ്പർ ഉത്തരവ്.

5)6/1/2014ലെ ഇ.ഡി.1/3/2014 നമ്പർ ഉത്തരവ്.

6)ഉത്തരവ് നം. ഇ.എസ്.2/40318/2012/ആ.വ.ഡ തീയതി 15/12/2014.

7)ഉത്തരവ് നം ഇ.ഡി/62755/2017/ആ.വ.ഡ തീയതി 31/1/2018.

സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ചേർത്ത റാങ്ക് നമ്പർ പുനഃക്രമീകരിച്ച് നൽകണമെന്ന് ശ്രീമതി. തുളസിദേവി എം. ൻെറ അപേക്ഷ സൂചന 1 പ്രകാരം അയച്ച് തന്നിരുന്നു തുടർന്ന് 25/5/2018ന് ടിയാളെ സീനിയർ ആഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് നേരിട്ട് കേൾക്കുകയും ഹിയറിങ്ങ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീമതി. തുളസിദേവി എം. സൂചന 2 പ്രകാരമുള്ള പി.എസ്.സി.യുടെ ആഡ്വൈസ് പ്രകാരം 24/3/2004ൽ സർവീസിൽ പ്രവേശിച്ചു തുടർന്ന് സൂചന (4) പ്രകാരമുള്ള ക്ലാർക്കുമാരുടെ 1/1/2003 മുതൽ 31/12/2008 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 91-ാം നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു.

കെ.എസ്.&എസ്.എസ്.ആർ ചട്ടം 13(എ) (1) എ, 13 എ(2) പ്രകാരവും സർക്കാരിൻെറ സർക്കുലർ നം. 8130/എ.ഡി.വി. (3) 2010 പി&എ.ആർ.ഡി തീയതി 24/2/2012 പ്രകാരവും പരിവീക്ഷാകാലം പൂർത്തീകരിച്ച പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരെ പ്രമോഷനുവേണ്ടിയുള്ള ഡിപ്പാർട്ട്മെൻറൽ ടെസ്റ്റിൽനിന്നും താത്കാലികമായി ഒഴിവാക്കിയിട്ടുണ്ട്.

12/4/2006ൽ പരിവീക്ഷാകാലം പൂർത്തീകരിച്ച ശ്രീമതി. തുളസിദേവി എം.നെ മേൽ സൂചിപ്പിച്ച ചട്ടങ്ങൾ അനുസരിച്ച് സീനിയർ ക്ലാർക്കായുള്ള പ്രമോഷന് അർഹതയുള്ള ആളായതിനാൽ സൂചന (7) പ്രകാരമുള്ള ഉത്തരവനുസരിച്ച് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു. ആയതിനാൽ ശ്രീമതി. തുളസിദേവി എം. നെ സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/8/2012 വരെയുള്ള കാലയളവിലെ സൂചന (6) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ 780 എ സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

| SL No | Name | Pen No | Date of Birth | App/Order No | Date of entry in service | Details of Dept. Test | Date assigned for promotion as UDC | Existing rank no | New rank no | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | Ramlumma | 315327 | 2/7/73 | PII(3)2718/96/dtd 26/2/04/PSC/PKD A2/13435/03/Dtd 19/3/04. | 24/3/2004 | MOP 1/05 AT(L)7/08 | 1/4/2011 | 780 | | |
| 2 | Thulasibai M. | | 15/9/73 | PII(3)1955/97/dtd 16/2/04/PSC/PKD A2/13435/03/Dtd 19/3/04. | 24/3/2004 | AT(L) 1/14 | 1/4/2011 | Nil | 780A | Test exemption vide rule 13 A KS&SSR |
| 3 | Aji T. | 316608 | 25/11/76 | PII(3)1955/97/dtd 16/2/04/PSC/PKD A2/13435/03/Dtd 19/3/04. | 26/3/2004 | MOP 6/05 AT(L)1/06 | 1/4/2011 | 781 | | |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നുമില്ല എന്ന നിഗമനത്തിൽ ആയത് സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

(ഒപ്പ്)

ശ്രീ. സി.എം. അജയമോഹൻ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്:- 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും

2) ബന്ധപ്പെട്ട എല്ലാ സ്ഥാപനമേലധികാരികൾക്കും

3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും

4) ഇ.സി. സെക്ഷൻ

5) ഫയൽ / കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്